# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*504 19.11.2019-ൽ മറുപടിക്ക്

## കൈത്തറി, ഖാദി മേഖലകളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കടുത്ത പ്രതിസന്ധി നേരിട്ടിരുന്ന കൈത്തറി-ഖാദി മേഖലകളിൽ തയ്യാറുള്ള വർക്കെല്ലാം ഏറ്റവും കുറഞ്ഞത് ഇരുനൂറ് ദിവസത്തെ തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടപ്പാക്കിയ സ്കൂൾ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പരമ്പരാഗത വ്യവസായമായ കൈത്തറിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽദിനങ്ങളും ലഭിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5000 ത്തിലധികം നെയ്ത്തു തൊഴിലാളികളും 1000 ത്തിലധികം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ നെയ്ത്ത് ജോലി പഠിച്ച് 1026 പേർ പുതുതായി യൂണിഫോം പദ്ധതിയിൽ ചേർന്നു പ്രവർത്തിക്കുകയും വർഷങ്ങളായി നെയ്ത്തു ജോലിയിൽ നിന്ന് വിട്ടുനിന്ന 1300 ഓളം പേർ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇപ്പോൾ ജോലി നോക്കുകയും ചെയ്തു വരുന്നു. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം തൊഴിലാളികൾക്ക് ഒരു സ്ഥിര വരുമാനവും ഇരുനൂറിൽ കൂടുതൽ തൊഴിൽ ദിനങ്ങളും ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കുമായി വിതരണം |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം നെയ്ത്ത് തൊഴിലാളികൾക്കിടയിലും സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും അദ്ധ്യാപക-രക്ഷകർത്താക്കൾക്കിടയിലും ഉണ്ടായ സ്വാധീനത്തെക്കുറിച്ച് NIFT (National Insititute of Fashion Technology) നടത്തിയ പഠന റിപ്പോർട്ടിൽ തുണിയുടെ ഗുണമേന്മയും നെയ്ത്ത് തൊഴിലാളികൾക്കുള്ള കൂലി വർദ്ധനവിലും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലും ജീവിത സാഹചര്യങ്ങളിലും ഗണ്യമായ മാറ്റമുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയ ശേഷം കൈത്തറി മേഖലയ്ക്കും നെയ്ത്ത് തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ്വ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും 18.46 ലക്ഷം കിലോ നൂൽ ഉല്പാദിപ്പിച്ച് ഈ പദ്ധതിക്കു വേണ്ടി നൽകാനും കഴിഞ്ഞിട്ടുണ്ട്.<br><br>ഖാദിമേഖല പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) കൈത്തറി തൊഴിലാളികളുടെയും ഖാദി തൊഴിലാളികളുടെയും മിനിമം വേതനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈത്തറി മേഖലയിലെയും ഖാദി മേഖലയിലെയും തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.<br>കൈത്തറി മേഖലയിൽ നിശ്ചയിച്ച മിനിമം വേതനം നടപ്പിൽ വരുത്തുന്നതിനു 27.05.2019 ൽ ചേർന്ന സംസ്ഥാന കൈത്തറി ഉപദേശക സമിതിയിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br>2018 ലെ മിനിമം വേതനം പല സംഘങ്ങളും നടപ്പിലാക്കി കഴിഞ്ഞു. കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിയ മിനിമം കൂലി സ്കൂൾ യൂണിഫോം പദ്ധതിയിൽ കൂടി ഉൾപ്പെടുത്തുന്നതാണ്.<br><br>ഖാദി മേഖലയിൽ പരിഷ്കരിച്ച വേതനമാണ് 01.08.2019 മുതൽ തൊഴിലാളികൾക്കു നൽകി വരുന്നത്. |

(സി) മുൻ കാലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മിൽ തുണി കൊണ്ടുവന്ന് റിബേറ്റ് കൈക്കലാക്കി യഥാർത്ഥ നെയ്ത്തുകാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുത്തിരുന്ന സ്ഥിതി അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കഴിഞ്ഞിട്ടുണ്ട്. അന്യ സംസ്ഥാന കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് നല്കുന്നത് അവസാനിപ്പിച്ചുകൊണ്ട് 23.03.2016 ൽ സ.ഉ.(സാധാ) നം.310/2016/വ്യവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു അനുബന്ധമായി ചേർക്കുന്നു. ഖാദിമേഖലയിലും കേരളത്തിൽ 2018 ഡിസംബർ മുതൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഖാദിവസ്ത്രങ്ങളുടെ വില്പനക്ക് മാത്രമായി സംസ്ഥാന റിബേറ്റ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഖാദി വസ്ത്ര വ്യവസായ മേഖലയിൽ മിൽ തുണി കൊണ്ടുവന്ന് റിബേറ്റ് കൈക്കലാക്കി നെയ്ത്തുകാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ഡി) കൈത്തറി വസ്ത്രങ്ങൾ ബ്രാന്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. ബ്രാന്റിംഗ് ലഭ്യമാകുന്നതോടുകൂടി കൈത്തറി വസ്ത്രങ്ങൾക്ക് വലിയ തോതിലുള്ള വിദേശവിപണി കണ്ടെത്താൻ കഴിയും. കയറ്റുമതി ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് export grant നല്കിവരുന്നുണ്ട്. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF) പോലുള്ള അന്താരാഷ്ട്ര പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിലൂടെ കൈത്തറി വസ്ത്രങ്ങൾക്ക് വിദേശവിപണി നേടിയെടുക്കുവാൻ കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരളസർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - അന്യസംസ്ഥാന കൈത്തറി ഉൽപന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്ക് റിബേറ്റ് നൽകുന്നത് അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ(ആർ.ടി)നം.310/2016/വ്യവ തീയതി, തിരുവനന്തപുരം 23.03.2016

---

പരാമർശം: 1) ജി.ഒ (എം.എസ്)നം.49/16/വ്യവ തീയതി 13.01.2016

2) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ചെയർമാന്റെ 13.01.2016 ലെ അപേക്ഷ

## ഉത്തരവ്

മേൽ പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം അന്യസംസ്ഥാനകൈത്തറി ഉൽപന്നങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്ന സ്ഥാപനങ്ങൾക്ക് . റിബേറ്റ് നൽകുന്നത് അവസാനിപ്പിച്ച കൊണ്ട് ഉത്തരവായിരുന്നു.

2) അന്യസംസ്ഥാനങ്ങളിലെ കൈത്തറി വസ്തുങ്ങൾ വിപണനം നടത്തേണ്ടി വരുമ്പോൾ സർക്കാർ നൽകിക്കൊണ്ടിരുന്ന റിബേറ്റ് നിർത്തിലാക്കുന്നത് കൈത്തറി വികസന കോർപ്പറേഷന്റെ നിലനില്പിനെ തന്നെ ഗുരുതരമായി ബാധിക്കുന്ന കാര്യമായതിനാൽ റിബേറ്റ് നിർത്തലാക്കുന്നതു സംബന്ധിച്ച തുടർനടപടികൾ നിർത്തിവയ്ക്കണമെന്ന് സൂചന(2) പ്രകാരം ഹാൻവീവ് ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ റിബേറ്റ് അനുവദിക്കുന്നത് കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് വേണ്ടി മാത്രമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കൈത്തറിയുടെ റിബേറ്റ് നിശ്ചയിക്കുന്നത് ITES (ഐ.റ്റി ഇനേബിൾഡ് സിസ്റ്റം ) വഴിയും കൈത്തറി ഉൽപാദകരുമായുള്ള ധനഇടപാടുകൾ NEFT (നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ) വഴിയും മാത്രമായിരിക്കണമെന്ന നിബന്ധനയിൽ, മേൽ പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ 'അന്യസംസ്ഥാനത്തെ കൈത്തറി ഉൽപന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്ക് റിബേറ്റ് അനുവദിക്കുന്നത് അവസാനിപ്പിച്ച കൊണ്ട് ഉത്തരവാകുന്നു' എന്നതിന് പകരം 'അന്യ സംസ്ഥാന കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് അനുവദിക്കുന്നത് അവസാനിപ്പിച്ച കൊണ്ട് ഉത്തരവാകുന്നു' എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഇർഷാദ്.എം.എസ്**

അണ്ടർ സെക്രട്ടറി

കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹാൻവീവ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്കവകുപ്പ് (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.